ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. **DTETVM/9139/2024-EA2 (EA)** തീയതി: 14-10-2024

**പരിപത്രം**

വിഷയം:- വിദ്യാഭ്യാസം –സാങ്കേതികം - സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം ലഭിച്ചവരെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന :-

1. സാമൂഹയ നീതി വകപ്പിന് 18-5-2013- ലെ സ.ഉ. (അ)നം. 40/2013/സാ.നീ.വ നം. ഉത്തരവ്
2. സാമൂഹ്യ നീതി വകപ്പിന് 7-8-2013-ലെ സ.ഉ. (അ)നം. 63/2013/ സാ.നീ.വ നം. ഉത്തരവ്
3. സാമൂഹു നീതി വകപ്പിന് 3-2-2016 ലെ സ.ഉ. (അ) നം. 1/20186സാ.നീ.വ നം. ഉത്തരവ്
4. ധനകാര്യ (പെൻഷൻ-എ) വകപ്പിന്റെ 08.08.2023 ലെ 21001498/പെൻഷൻ- എട/145/2022/ധന നമ്പർ അനുദ്യോഗിക കുറിപ്പ്
5. സർക്കാർ കത്ത് നമ്പർ K1/199/2024-HEDN തീയതി: 29-09-2024

സൂചനകളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. സൂപ്പർ ന്യൂമററി തസ്തികകളിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതിയാണ് ബാധകമെന്നും, ടിയാളുകളുടെ പെൻഷൻ പ്രായം 60 വയസ്സ് ആണെന്നും, സൂചന (3) പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, ഇപ്രകാരം നിയമനം നേടിയിട്ടുള്ള ജീവനക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാതെ പല സ്ഥാപനങ്ങളിലും തുടരുന്നുണ്ട്. ആയതിനാൽ, ടി വിഭാഗം ജീവനക്കാർ വിരമിക്കുന്ന സമയത്ത് ഒരു പെൻഷനും അർഹരയില്ലാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. 01.04.2013 നു ശേഷം ഈ വകുപ്പിന് കീഴിലെ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച എല്ലാ ജീവനക്കാരും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാനും ഇപ്രകാരം നിയമനം നേടിയിട്ടുള്ള ജീവനക്കാരിൽ ആരെങ്കിലും പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ അംഗത്വം എടുക്കാതെ തുടരുന്നുണ്ടെങ്കിൽ, ടിയാളുകളെ അടിയന്തിരമായി പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ടി വിവരം ഈ കാര്യാലയത്തിൽ അടിയന്തിരമായി അറിയിക്കേണ്ടതുമാണെന്ന് ഇതോടൊപ്പം അറിയിക്കുന്നു. .

Sunilkumar C V
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Sunilkumar C V
Date: 14-10-2024 16:35:42